വനസംരക്ഷണത്തിനായി മോണിറ്ററിംഗ് കമ്മിറ്റി

*5 [457] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*

„ *പി. സി. ജോർജ്:*

„ *കെ. രാധാകൃഷ്ണൻ:*

„ *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം തടയുന്നതിനും അവ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വനസംരക്ഷണം ഫലപ്രദമാക്കുന്നതിനും വനനിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഉണ്ട്. വനം കയ്യേറ്റം തടയുന്നതിന് വനാതിർത്തികൾ സ്ഥിരം ജണ്ടകൾ കെട്ടി സുരക്ഷിതമാക്കുകയും പട്രോളിംഗ് നടത്തി കയ്യേറ്റം ഉണ്ടാകാതെ ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്. പെട്ടെന്നുണ്ടാകുന്ന സംഘടിതമായ കയ്യേറ്റങ്ങളും കൂറ്റകൃത്യങ്ങളും തടയുന്നതിന് രണ്ടു ദ്രുതകർമ്മസേനകൾ സജീവമായി പ്രവർത്തിക്കുന്നു. 25 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ കയ്യേറ്റം തടഞ്ഞ് വനസംരക്ഷണം ഫലപ്രദമാക്കുന്നതിന് പൊതുജനങ്ങൾ, ഗിരിജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1-1-1977-നുശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വനഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്നുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശത്തെ ആധാരമാക്കി, കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുൾപ്പെട്ടതും സർക്കിൾ കൺസർവേറ്റർ ചെയർമാൻ ആയിട്ടുള്ളതുമായ സർക്കിൾതല കമ്മിറ്റികൾ ഘട്ടംഘട്ടമായി ഒഴിപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ കൈക്കൊണ്ടുവരുന്നു. പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾ ഒഴിപ്പിക്കുകയും പഴയ കയ്യേറ്റങ്ങൾ റവന്യൂ പോലീസ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കിക്കൊണ്ട് ഘട്ടംഘട്ടമായി ഒഴിപ്പിച്ചുവരുകയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) കമ്മിറ്റി, വർഷത്തിൽ രണ്ടു പ്രാവശ്യം യോഗം ചേർന്ന് കയ്യേറ്റം സംബന്ധിച്ച അവസ്ഥ വിലയിരുത്തണം. ഇക്കാര്യത്തിൽ ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, വനം കയ്യേറ്റങ്ങൾ യഥാസമയം തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വീഴ്ചവരുത്തുന്ന റവന്യൂ വകുപ്പുദ്യോഗസ്ഥരുൾപ്പെടെ ഫീൽഡ് തലത്തിലുള്ളവരുടെ ഉത്തരവാദിത്വങ്ങൾ നിർണ്ണയിക്കുക എന്നിവയാണ് മോണിറ്ററിങ് കമ്മിറ്റിയുടെ ചുമതലകൾ.

(ഡി) ഉണ്ട്. കേരളത്തിലെ വനങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി താഴെ പറയുന്ന നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ എടുത്തുവരുന്നു:

1. കേരള ഫോറസ്റ്റ് ആക്ട്, 1961
2. കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് റൂൾസ്, 1975
3. കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ട്, 1980
4. കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട്, 1986.

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന–മാർഗ്ഗനിർദ്ദേശങ്ങൾ

*6 [458] *ശ്രീ. ബി. വിജയകുമാർ:*

„ *വർക്കല കഹാർ:*

„ *കെ. സുധാകരൻ:*

„ *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ ഗൈഡ്ലൈൻ അനുസരിച്ചുതന്നെയാണോ ഈ പദ്ധതി പ്രകാരമുള്ള റോഡുകളും പാലങ്ങളും സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കുന്നത് എപ്രകാരമാണ്;

(സി) ഈ പദ്ധതിപ്രകാരം ആകെ പണിയുടെ എത്ര ശതമാനമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനം കിട്ടേണ്ടത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly